റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി

210 (1680) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ കാലോചിതമായി പരിഷ്കരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെനിന്നും വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഫിഷറീസ് സർവ്വകലാശാല ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഏതെങ്കിലും തലത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ)

(1) സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നിലവിൽ ഇതിനായി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾമുഖേന നിർമ്മിക്കുന്ന റോഡുകൾ

211 (1681) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജകമണ്ഡലത്തിൽ 2009-10, 2010-11 വർഷങ്ങളിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന ഏതെല്ലാം റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണത്തിന് അനുമതി നൽകിയ റോഡുകളും അവയുടെ എസ്റ്റിമേറ്റ് തുകയും എത്രയെന്നും നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കോവളം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന താഴെപ്പറയുന്ന റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട് :

2009-10

1. മൃദംഗം ജംഗ്ഷൻ മുതൽ പൂവാർ പി.എച്ച് സെന്റർ വരെ-നീളം 400 മീറ്റർ
2. ശൂലംകുടി-എലിപല്ലി റോഡ്-നീളം 2400 മീറ്റർ
3. തുലവിള-കരിമ്പള്ളിക്കര റോഡ്-നീളം 730 മീറ്റർ
4. കടകുളം ഫിഷർമെൻ കോളനി-കരിമ്പള്ളിക്കര റോഡ്-നീളം 215 മീറ്റർ
5. പുല്ലൂർക്കോണം വടുവച്ചാൽ റോഡ്-നീളം 900 മീറ്റർ
6. അടിമലത്തുറ-ചപ്പാത്ത് റോഡ്-നീളം 1300 മീറ്റർ

2010-11

7. മഠത്തുവിളാകം കൊടിവിളാകം-വലിയവിള റോഡ്-നീളം 1500 മീറ്റർ
8. വട്ടവിള പൂവാർ ബണ്ട് റോഡ്-നീളം 3000 മീറ്റർ
9. അരുമാനൂർ അരശുംമൂട് ചടയംവരമ്പ് ബണ്ട് റോഡ്-നീളം 700 മീറ്റർ

(ബി)

ക്രമ നമ്പർ	അനുമതി ലഭിച്ച റോഡ്	എസ്റ്റിമേറ്റ് തുക	ഇപ്പോഴത്തെ അവസ്ഥ
(1)	(2)	(3)	(4)
	2009-10		
1	മൃദംഗം ജംഗ്ഷൻ മുതൽ പൂവ്വാർ പി.എച്ച്. സെന്റർ വരെ	4.25	പൂർത്തീകരിച്ചു
2	ശൂലംകുടി-എലിപല്ലി റോഡ്	20.00	"
3	തുലവിള-കരിമ്പള്ളിക്കര റോഡ്	8.00	"
4	കടകുളം ഫിഷർമെൻ കോളനി-കരിമ്പള്ളിക്കര റോഡ്	5.20	"
5	പുല്ലൂർക്കോണം വടുവച്ചാൽ റോഡ്	9.50	"
6	അടിമലത്തുറ-ചപ്പാത്ത് റോഡ്	19.00	"

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
2010-11			
7	മഠത്തുവിളാകം കൊടിവിളാകം-വലിയവിള റോഡ്	9.50	പൂർത്തീകരിച്ചു
8	വട്ടവിള പൂവാർ ബണ്ട് റോഡ്	32.80	നിർമ്മാണം പുരോഗതിയിലാണ്.
9	അരുമാനൂർ അരശുംമൂട് ചടയംവരമ്പ് ബണ്ട് റോഡ്	10.20	നിർമ്മാണം പുരോഗതിയിലാണ്.

മറൈൻ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും

212 (1682) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ മറൈൻ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിൽ എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) പദ്ധതി നടപ്പാക്കുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, ഓഷ്യനേറിയം അനുബന്ധനസ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഡിവലപ്പർമാരെ ക്ഷണിക്കുന്നതിനുള്ള ആഗോള ടെണ്ടർ നടപടികൾ ആരംഭിച്ചു. 3 ഘട്ടങ്ങളായി പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ഏകദേശം 480 കോടിരൂപ.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly